"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച OA 1513/2025 നമ്പർ ഹർജിയിലെ 26.08.2025-ലെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

**G.O.(Rt)No.82/2026/PPAD** തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1513/2025 നമ്പർ ഹർജിയിന്മേലുള്ള 26/08/2025-ലെ വിധിന്യായം.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 09.10.2025 തീയതിയിലെ PTGD/1064/2025-G2 നമ്പർ കത്ത്.
3. G.O.(Ms)No.138/85/H.Edn. dated 14.06.1985
4. GO(Ms)No.67/89/H.Edn dated 29-03-1989
5. G.O.(Rt)No.484/15/H.Edn dated 12.03.2015

## ഉത്തരവ്

അച്ചടിവകുപ്പിൽ നിന്നും വിവിധ കാലയളവിൽ വിരമിച്ച ജീവനക്കാർ ചേർന്ന് (11 പേർ) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ OA 1513/2025 നമ്പർ ഹർജി ഫയൽ ചെയ്യുകയും, പരാമർശം (1)-ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായ പ്രകാരം ഹർജിക്കാർ നൽകിയിട്ടുള്ള Annexure A1 മുതൽ Annexure A11 വരെയുള്ള റപ്രസന്റേഷൻ പരിഗണിച്ച് , വിധിന്യായം ലഭിച്ച തീയതി മുതൽ 2 മാസത്തിനകം ഒന്നാം എതിർ കക്ഷി ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(2) വിവിധ കാലയളവുകളിൽ ഗവ. പ്രസ്സിൽ നിന്നും വിരമിച്ചിട്ടുള്ള ശ്രീമതി.പുഷ്പരാജം ബി, ശ്രീ.നെൽസൺ ഫെർണാണ്ടസ്, ശ്രീ.ശ്രീകുമാർ ജെ, ശ്രീമതി. ജമീലാബായി, ശ്രീമതി. മാധുരി ദേവി ജെ, ശ്രീമതി. അംബിക എ, ശ്രീ. എം ജി ബാലകൃഷ്ണൻ, ശ്രീ.പ്രദീപ് കുമാർ റ്റി, ശ്രീമതി.മുബീന ബീവി എസ്, ശ്രീ.സാബു എസ്, ശ്രീ. സതീഷ് ചന്ദ്രൻ എന്നീ 11 ജീവനക്കാർക്ക് ഓവർടൈം അനുവദിച്ചിരുന്ന കാലയളവ്, മണിക്കൂർ, ഓവർടൈം തുക സംബന്ധിച്ച

സ്റ്റേറ്റ്മെന്റ് (Pay + Allowances തുകയുടെ 10%) എന്നിവ അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കുകയും അച്ചടി വകുപ്പിന്റെ ശീർഷകത്തിൽ (2058-00-103-99-01-6) മതിയായ തുക ഇല്ലാത്തതിനാൽ വിവിധ കാലയളവുകളിൽ ഗവ. പ്രസ്സിൽ നിന്നും വിരമിച്ചിട്ടുള്ള പ്രസ്തുത ജീവനക്കാർക്ക് ഓവർ ടൈം അലവൻസ് അനുവദിക്കുന്നതിലേയ്ക്കായി ആകെ 5,56,976/- രൂപ (അഞ്ചു ലക്ഷത്തി അമ്പത്താറായിരത്തി തൊള്ളായിരത്തി എഴുപത്തി ആറ് രൂപ മാത്രം) അനുവദിക്കണമെന്നും പരാമർശം (2) പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 1985, 1989 എന്നീ വർഷങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം 5, 6 , 7 എന്നീ ഉത്തരവുകൾ പ്രകാരമാണ് അച്ചടി വകുപ്പിലെ ജീവനക്കാർക്ക് യഥാക്രമം പെർഫോമൻസ്, അലവൻസും ഓവർടൈം അലവൻസും അനുവദിച്ചു വന്നിരുന്നത്. എന്നാൽ ആ കാലഘട്ടത്തിലെ സാഹചര്യമല്ല നിലവിൽ അച്ചടി വകുപ്പിൽ ഉള്ളത്. ബജറ്റ്, തെരഞ്ഞെടുപ്പ് എന്നിവയോടനുബന്ധിച്ച ജോലികളാണ് ഇപ്പോൾ പ്രധാനമായും ടി വകുപ്പ് ചെയ്യുന്നത്. അത് തന്നെ സോഫ്റ്റ് കോപ്പി ലഭ്യമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ ചെയ്യുന്നതാണ്. കൂടാതെ സ്കൂൾ പാഠപുസ്തക അച്ചടി, ലോട്ടറി അച്ചടി പോലെയുള്ള വലിയ ജോലികൾ ഇപ്പോൾ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി പോലെയുള്ള സ്ഥാപനങ്ങളാണ് നടത്തിവരുന്നതെന്നതിനാലും പഴയ രീതിയിൽ ഓവർ ടൈം അലവൻസ്, പെർഫോമൻസ് അലവൻസ്, എക്സ്-ഗ്രേഷ്യ അലവൻസ് എന്നിങ്ങനെ പലതരം അലവൻസുകൾ നൽകുന്നതു സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ട്. അച്ചടിവകുപ്പിലെ ജീവനക്കാർക്ക് ഓവർ ടൈം അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിലും, ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ടെന്നതിനാലും നിലവിലെ സാഹചര്യത്തിൽ ഹർജിക്കാരുടെ അപേക്ഷകൾ പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, OA 1513/2025 ഹർജിയിൽ പുറപ്പെടുവിച്ചിട്ടുള്ള 26.08.2025-ലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K R JYOTHILAL**

**ADDITIONAL CHIEF SECRETARY**

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.

2. അഡ്വക്കറ്റ് ജനറൽ, വഞ്ചിയൂർ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )

2. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം.

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (അച്ചടി വകുപ്പ് ഡയറക്ടർ മുഖാന്തരം)
5. ധനകാര്യ വകുപ്പ് (13.06.2026 ലെ E:3372707/EDN-B3/270/2025-FIN )
6. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി. ആർ. ഡി
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 19-06-2026 10:46:34
സെക്ഷൻ ഓഫീസർ